**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4052** **27-10-2021 - ൽ മറുപടിയ്ക്ക്**

**എൻ.95 മാസ്ക് സംസ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | എൻ.95 മാസ്ക് ഉപയോഗശേഷം സംസ്കരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ എന്തൊക്കെ പദ്ധതികളാണുള്ളതെന്ന് അറിയിക്കാമോ; | (എ) | 16.07.2020-ലെ സ.ഉ(സാധാ)നം. 1364/2020/ എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം കോവിഡ് – 19 CFLTC കളിൽ നിന്നും ഉപയോഗശേഷമുള്ള ബയോമെഡിക്കൽ മാലിന്യങ്ങളായ മാസ്ക്, ഗ്ലൗസ് മുതലായ മെഡിക്കൽ മാലിന്യങ്ങൾ ശേഖരിച്ച് അവ അണുവിമുക്തമാണെന്ന് ഉറപ്പ് വരുത്തി ആരോഗ്യ വകുപ്പ് വഴി സംസ്കരണം നടത്തേണ്ടതാണെന്നും ആവശ്യമെങ്കിൽ അനുയോജ്യമായ ഇൻസിനേറ്റർ സ്ഥാപിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ആശുപത്രികളിൽ ഉപയോഗിക്കുന്ന എൻ.95 മാസ്കുകൾ IMAGEന് കൈമാറുകയാണ് ചെയ്യുന്നത്. ഉപയോഗശേഷം മാസ്കുകൾ അലക്ഷ്യമായി നിക്ഷേപിക്കുന്നതും കൈകാര്യം ചെയ്യുന്നതും ഒഴിവാക്കേണ്ടതാണെന്നും, ആയത് ഉപയോഗിക്കുന്നവർ തന്നെ കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ച് സംസ്കരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും ഗ്രാമപഞ്ചായത്തുകൾ ആരോഗ്യ വകുപ്പുമായി സഹകരിച്ച് പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. |
| (ബി) | എൻ.95 മാസ്ക് റീസൈക്കിൾ ചെയ്ത് പുനരുപയോഗിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണുള്ളത് എന്ന് അറിയിക്കാമോ; | (ബി) | എൻ 95 മാസ്ക് റീസൈക്കിൾ ചെയ്ത് പുനരുപയോഗിക്കുന്നതിന്, സംസ്ഥാനത്ത് നിലവിൽ സംവിധാനങ്ങളില്ല. |
| (സി) | എൻ.95 മാസ്ക് ഉപയോഗശേഷം അശ്രദ്ധമായി കളയുന്നത് മലിനീകരണ പ്രശ്നം സൃഷ്ടിക്കുന്നുണ്ടോ എന്നറിയിക്കാമോ? | (സി) | എൻ 95 മാസ്ക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ ഉപയോഗശേഷം അശ്രദ്ധമായി കളയുന്നത് മലിനീകരണ പ്രശ്നം സൃഷ്ടിക്കുന്നതിനാൽ ഇക്കാര്യത്തിൽ ആരോഗ്യവകുപ്പുമായി സഹകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ